**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3341** — **04-08-2021 - ൽ മറുപടിയ്ക്ക്**

**കെട്ടിട നിർമ്മാണ പെർമിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി.അൻവർ** | | **Shri M. V. Govindan Master**<br>**(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | വീട് നിർമ്മിക്കുന്നതിന് കെട്ടിട പെർമിറ്റ് നൽകിയിട്ടുള്ളവർക്ക് പുരത്തറയിൽ മണ്ണ് നിക്ഷേപിക്കുന്നതിന് നിലവിൽ സംസ്ഥാനത്ത് എന്തു സംവിധാനമാണ് ഉള്ളതെന്ന് അറിയിക്കാമോ; ഇല്ലെങ്കിൽ ഇതിനായി പ്രത്യേകം ചട്ടങ്ങൾ രൂപീകരിക്കുമോ; | (എ) | വീട് നിർമ്മിക്കുന്നതിന് കെട്ടിട പെർമിറ്റ് നല്കിയിട്ടുള്ളവർക്ക് പുരത്തറയിൽ മണ്ണ് നിക്ഷേപിക്കുന്നതിന് നിലവിൽ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വ്യവസ്ഥയില്ലാത്തതാണ്. |
| (ബി) | സംസ്ഥാനത്തെ പല ഗ്രാമപഞ്ചായത്തുകളും ലാന്റ് ഡെവലപ്മെന്റ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു കാരണം നിരവധി ആളുകൾക്ക് ഭവന നിർമ്മാണം ആരംഭിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളതെന്ന വിവരം അറിയാമോ; | (ബി) | ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| (സി) | കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചിട്ടുള്ള വ്യക്തികൾക്ക് പുരത്തറയിലേക്ക് മണ്ണ് നിക്ഷേപിക്കുന്നതിന് അനുമതി നൽകുന്നതിന് ഗ്രാമപഞ്ചായത്തുകളെ അധികാരപ്പെടുത്തുമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ